**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5035** **20-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് ഇ.എസ്.ഐ. ക്ലെയിം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മണാശ്ശേരി കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് സ്പെഷ്യാലിറ്റി ക്ലെയിം ഇനത്തിൽ 2021, 2022 വർഷങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ എത്ര തുക നൽകാനുണ്ട്; വിശദമാക്കാമോ; | (എ) | കോഴിക്കോട് കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് സ്പെഷ്യാലിറ്റി ക്ലെയിം ഇനത്തിൽ 2021, 2022 വർഷങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ തുക നൽകാനില്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റേതായി 2021 ൽ 11,98,281/- രൂപയുടെയും 2022 ൽ 3,36,445/- രൂപയുടെയും ബില്ലുകൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ലഭിച്ചിരുന്നതിൽ 2021 ൽ ലഭിച്ച 1,63,089/- രൂപയുടെ ബില്ലുകൾ ഒഴികെ ബാക്കി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ബിൽ സ്റ്റേറ്റ്മെന്റിൽ ചില അപാകതകൾ ഉണ്ടായിരുന്നതിനാൽ അവ പരിഹരിക്കുന്നതിനായി 1,63,089/- രൂപയുടെ ബിൽ ബന്ധപ്പെട്ട ഇ.എസ്.ഐ സ്ഥാപനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. 2022 ൽ ലഭിച്ചിട്ടുള്ള മുഴുവൻ ബില്ലുകളും പേയ്മെന്റ് നൽകിയിട്ടുണ്ട്.<br><br>കൂടാതെ 2021, 2022 വർഷങ്ങളിലായി ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകിയതുമായി ബന്ധപ്പെട്ട് സമർപ്പിക്കേണ്ടിയിരുന്ന 22,56,217/- രൂപയുടെ ബില്ലുകൾ പ്രസ്തുത സ്ഥാപനം നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതിനാൽ പേയ്മെന്റ് നൽകുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തുക യഥാസമയം അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കോഴിക്കോട് കെ.എം.സി.റ്റി. മെഡിക്കൽ കോളേജിന് സ്പെഷ്യാലിറ്റി ക്ലെയിം ഇനത്തിൽ 2021, 2022 വർഷങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ തുക നൽകാനില്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റേതായി 2021 ൽ 11,98,281/- രൂപയുടെയും 2022 ൽ 3,36,445/- രൂപയുടെയും ബില്ലുകൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ലഭിച്ചിരുന്നതിൽ 2021 ൽ ലഭിച്ച 1,63,089/- രൂപയുടെ ബില്ലുകൾ ഒഴികെ ബാക്കി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ബിൽ സ്റ്റേറ്റ്മെന്റിൽ ചില അപാകതകൾ ഉണ്ടായിരുന്നതിനാൽ അവ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി 1,63,089/- രൂപയുടെ ബിൽ ബന്ധപ്പെട്ട ഇ.എസ്.ഐ സ്ഥാപനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. 2022 ൽ ലഭിച്ചിട്ടുള്ള മുഴുവൻ ബില്ലുകളും പേയ്മെന്റ് നൽകിയിട്ടുണ്ട്.<br><br>കൂടാതെ 2021, 2022 വർഷങ്ങളിലായി ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകിയതുമായി ബന്ധപ്പെട്ട് സമർപ്പിക്കേണ്ടിയിരുന്ന 22,56,217/- രൂപയുടെ ബില്ലുകൾ പ്രസ്തുത സ്ഥാപനം നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതിനാൽ പേയ്മെന്റ് നൽകുവാൻ സാധിച്ചിട്ടില്ല. |
| (സി) | മേൽപ്പറഞ്ഞ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രിയിലേക്ക് തിരിച്ചയച്ചിരിക്കുന്ന 2021 ലെ 1,63,089/- രൂപയുടെ ബിൽ അപാകത പരിഹരിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>2021, 2022 വർഷങ്ങളിൽ നടത്തിയ ചികിത്സയുമായി ബന്ധപ്പെട്ട് യഥാസമയം സമർപ്പിക്കാതിരുന്ന ബില്ലുകളിൽ തുക അനുവദിക്കുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതിനായി സർക്കാരിൽ ശിപാർശ സമർപ്പിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ